THURSDAY 19.10.2023 വ്യാഴാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–19/10/2023.

1. ഇടുക്കി ജില്ലയിലെ മൃഗസംരക്ഷണ, ക്ഷീര, മത്സ്യകൃഷി മേഖലകളിലെ കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കാം. കർഷകർക്ക് പ്രവർത്തന മൂലധനം സമാഹരിക്കുന്നതിനും, വിവിധ ആവശ്യങ്ങൾക്കുള്ള ലോണുകളും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനാണ് കിസാൻ ക്രെഡിറ്റ് കാർഡ് നൽകുന്നത്. പക്ഷിമൃഗാധികളെ വളർത്തുന്നതിനും, ഉൾനാടൻ മത്സ്യകൃഷി, ചെമ്മീൻ കൃഷി, മറ്റ് ജലജീവികളുടെ കൃഷി, മത്സ്യബന്ധനം തുടങ്ങിയ ആവശ്യങ്ങൾക്കും കിസാൻ ക്രെഡിറ്റ് കാർഡ് ഉപയോഗപ്പെടുത്താം. സ്വന്തമായി ഭൂമിയുള്ളവർക്കും പാട്ടത്തിന് കൃഷി ചെയ്യുന്നവർക്കും അപേക്ഷിക്കാം. വ്യക്തിഗത ഗുണഭോക്താകൾക്കും, സ്വയം സഹായ സംഘങ്ങൾക്കും, വനിത സംഘങ്ങൾക്കും, പാട്ടകൃഷി ചെയ്യുന്നവർക്കും, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും പ്രയോജനം ലഭിക്കും. വായ്പകൾക്ക് റിസർവ്വ് ബാങ്ക് നിശ്ചയിക്കുന്ന പലിശ നിരക്ക് ബാധകമാണെങ്കിലും പലിശ സബ്സിഡി ആനുകൂല്യവും ലഭിക്കാറുണ്ട്. ഒരു ലക്ഷത്തി അറുപതിനായിരം രൂപ വരെ ഈടില്ലാതെ വായ്പയും ലഭിക്കുന്നതാണ്. അതത് പഞ്ചായത്ത്തല മൃഗാശുപത്രികളുമായും, മേഖലാ ഡയറി, ഫിഷറീസ് ഓഫീസുകളുമായും ബന്ധപ്പെട്ട് അപേക്ഷകൾ സമർപ്പിക്കാം. നവംബർ 30 വരെ അപേക്ഷകൾ സ്വീകരിക്കും .

2. മണ്ണുത്തി സ്റ്റേറ്റ് സീഡ് ഫാമിൽ കാബേജ്, കോളിഫ്ളവർ, ക്യാരറ്റ്, ബീറ്റ് റൂട്ട്, ബ്രോക്കോളി തുടങ്ങിയ ശീതകാല പച്ചക്കറി തൈകളും മുള്ളങ്കി, പാലക്ക് തുടങ്ങിയവയുടെ തൈകളും വില്പനയ്ക്കായി തയ്യാറായിട്ടുണ്ട്. തൈ ഒന്നിന് മൂന്നു രൂപയാണ് വില. ആവശ്യമുള്ളവർ ഫാം ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0487 2371678, 9383471430.

3. തിരുവനന്തപുരം ജില്ലയിൽ 2022-23 വർഷത്തിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി / സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാ തലത്തിൽ തെരെഞ്ഞെടുത്ത് പുരസ്ക്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾ രജിസ്ട്രേർഡ് സംഘടനകൾ എന്നവർക്ക് അപേക്ഷിക്കാം . നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങൾ സഹിതം 2023 ഒക്ടോബർ മാസം 30-ാം തീയതിയ്ക്കകം തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ സമർ പ്പിക്കണം. കഴിഞ്ഞ അഞ്ച് വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരെഞ്ഞെടുക്കുന്നവർക്ക് 10000/- രൂപ ക്യാഷ് അവാർഡ്

നൽ കുന്നതാണ്. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്റ്ററുടെ ശുപാർശ സഹിതം സമർ പ്പിക്കേ്താണ്. അപേക്ഷാ ഫാറത്തിന് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

4. തൃശൂർ കൃഷിവിജ്ഞാനകേന്ദ്രത്തിൽ, ഒരു മാസം പ്രായമുള്ള കരിങ്കോഴി കുഞ്ഞുങ്ങൾ 175 രൂപ നിരക്കിൽ ഈ മാസം 25 (25/10/23) മുതൽ വിൽപനക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9400483754. അടുത്ത മാസം വിൽപനക്ക് ഉള്ള ബുക്കിംഗ് ആരംഭിച്ചു (ബുക്കിംഗ് സമയം രാവിലെ 10 മണി മുതൽ 4 മണി വരെ.

5. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 2024 വർഷത്തെ പാൽകാർഡ് വിതരണം ചെയ്യുന്നതിനുള്ള അപേക്ഷ നവംബർ 1 മുതൽ 16 വരെ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2732962 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. കാർഷിക സർവകലാശാല, കാർഷിക കോളേജ്, പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കാബേജ്, കോളിഫ്ളവർ തൈകൾ വില്പനയ്ക്ക് ലഭ്യമാണ്. സമയം രാവിലെ 9 മണി മുതൽ 4.30 വരെ. ഫോൺ നമ്പർ: 9188248481

## പരിശീലന പരിപാടി

7. ആലപ്പുഴ ജില്ലിയിലെ കായംകുളം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 2023 ഒക്ടോബർ 26 – -ാം തീയതി ''ശാസ്ത്രീയ ചിപ്പിക്കൂൺ കൃഷി'' എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ഹെഡ്, കൃഷി വിജ്ഞാന കേന്ദ്രം, സി. പി. സി. ആർ. ഐ., കായംകുളം എന്ന മേൽവിലാസത്തിലോ, 0479 – 2449268/2959268/9447790268 എന്ന ഫോൺ നമ്പരിലോ പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെട്ട് 500 രൂപ പരിശീലന ഫീസ് അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്ത് പരിശീലന ദിവസം രാവിലെ 9.30ന് ഹാജരാകേണ്ടതാണ്. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. കൊക്കോ കൃഷിയും സംരക്ഷണവും എന്ന വിഷയത്തിൽ seminar ഒക്ടോബർ 28 ന് കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ, കൊക്കോ റിസർച്ച് സെന്ററിൽ വച്ച് നടത്തുന്നു. താല്പര്യമുള്ളവർ 9400851099 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക

9. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം'Python programming-The basics " എന്ന വിഷയത്തിൽ 2023 നവംബർ 6 മുതൽ 10 വരെ നടത്തുന്ന ഓൺലൈൻ പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു വിശദ വിവരങ്ങൾക്ക് www.kau.in,www.celkau.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക . താൽപര്യമുള്ളവർ 2023 ഒക്ടോബർ 31 നകം കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **പശുവളർത്തലും ക്ഷീരോല്പാദന മേഖലയിലെ നൂതന സാധ്യതകളും** എന്ന വിഷയത്തിൽ ഈമാസം 26ന് രാവിലെ 10 മുതൽ 5 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491 2815454, 9188522713 എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

11. കുമരകം കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് "കൂൺ കൃഷി" എന്ന വിഷയത്തിൽ ഏകദിന പരിശീലനം ഈ മാസം 20ന് (20.10.2023) രാവിലെ 10 മണിയ്ക്ക് സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9383470802, 0481– 2523164.